സർക്കാരിന് സാധിക്കുകയില്ല. എന്നിരുന്നാലും സംസ്ഥാനത്തിന്റെ ബുദ്ധിമുട്ടുകൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ആനുകൂല്യങ്ങൾ നേടുന്നതിന് ശ്രമിക്കും.

(സി) മറുപടി അനുബന്ധം 1-ൽ കണ്ടാലും.†

(ഡി) അനുബന്ധം 2-ൽ കണ്ടാലും.‡

(ഇ) ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ സംസ്ഥാനത്തിന്റെ മുന്നോക്കാവസ്ഥ പരിഗണിച്ച് പ്രത്യേക തുകയൊന്നും ധനകാര്യ കമ്മീഷൻ വകയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ധനസഹായത്തിൽ സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

എ.ഡി.ബി. യിൽ നിന്ന് ലഭിച്ച ധനസഹായം എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെലവഴിച്ചു എന്ന പരാതി

10 [3263] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. യിൽ നിന്ന് കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ലഭിച്ച ധനസഹായം ഏതൊക്കെ പദ്ധതികൾക്കായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എ.ഡി.ബി. യിൽ നിന്നു ലഭിച്ച ധനസഹായം എഗ്രിമെന്റു വ്യവസ്ഥകൾക്ക് വിരുദ്ധമായി മറ്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചു എന്ന പരാതി എ.ഡി.ബി. ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) എ.ഡി.ബി. യിൽ നിന്ന് വായ്പയായി ലഭിച്ച സംഖ്യക്ക് പലിശയിനത്തിൽ മൊത്തം എത്ര തുക വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പലിശത്തുക കൊടുത്തുതീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) എ.ഡി.ബി. യിൽ നിന്ന് ഇനി ലഭിക്കുവാനുള്ള സംഖ്യ എത്രയാണ്; ഈ സംഖ്യ ഏത് ആവശ്യത്തിനാണ് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) എ.ഡി.ബി. യുടെ ഉദ്യോഗസ്ഥന്മാർ സംസ്ഥാന ധനകാര്യ വകുപ്പിനെ സഹായിക്കുന്നതിനോ, ഉപദേശം നൽകുന്നതിനോ ആയി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എ.ഡി.ബി. യിൽ നിന്നും സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനുമായി 225 മില്യൺ ഡോളർ (1036.50 കോടി രൂപ)

†അനുബന്ധം III കാണുക.

‡അനുബന്ധം III (എ) കാണുക.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാർ വഴി ലഭിച്ചിട്ടുണ്ട്. അത് സംസ്ഥാന വിഹിതം ഉൾപ്പെടെ താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചു.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂകമ്മി നികത്താനായി 756 കോടി രൂപ വിനിയോഗിച്ചു. 300 കോടി രൂപ ടി. പി. അക്കൗണ്ട് നിർത്തലാക്കിയതു പ്രകാരമുള്ള അഡ്ജസ്റ്റ്മെന്റ് നടത്തി. 130 കോടി രൂപ അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിന് വിനിയോഗിച്ചു. 209 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി വിനിയോഗിച്ചു. 217.28 കോടി രൂപ ഭരണ നവീകരണ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ചു. ഇതെല്ലാം താൽക്കാലിക കണക്കുകളാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഫിനാൻസ് അക്കൗണ്ട്സ് ലഭിച്ചാലേ അന്തിമ കണക്ക് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ബി) ഉന്നയിച്ചിട്ടില്ല.

(സി) എ.ഡി.ബി. യിൽ നിന്നു ലഭിക്കുന്ന വായ്പ കേന്ദ്രസർക്കാർവഴി അധിക കേന്ദ്രസഹായമായാണ് കേരളത്തിനു ലഭിക്കുന്നത്. ഇതിൽ 30% ഗ്രാന്റാണ്. കേന്ദ്രസർക്കാർവഴി ലഭിക്കുന്ന വായ്പ 9.5% പലിശ സഹിതം തിരിച്ചടയ്ക്കണം. ഇത് കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട തുകയിൽ നിന്നു ഗഡുക്കളായി തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്.

(ഡി) എ.ഡി.ബി. യിൽ നിന്നും സാമ്പത്തിക പരിഷ്ക്കരണ - ഭരണ നവീകരണ പദ്ധതി വകയിൽ തുകയൊന്നും ഇനി ലഭിക്കാനില്ല.

(ഇ) എ.ഡി.ബി. ഉദ്യോഗസ്ഥന്മാർ സംസ്ഥാന ധനകാര്യ വകുപ്പിനെ സഹായിക്കുകയോ ഉപദേശം നൽകുകയോ ചെയ്യുന്നില്ല.

ഗാൻട്രി സൈൻ ബോർഡുകളും മറ്റ് സൈൻ ബോർഡുകളും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ

11 [3264] *ശ്രീ. ടി. എം. ജേക്കബ്:*

„ *ജോണി നെല്ലൂർ:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവെ ഉൾപ്പെടെയുള്ള റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ഗാൻട്രി സൈൻ ബോർഡുകളും മറ്റ് സൈൻ ബോർഡുകളും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ധനകാര്യ വകുപ്പ് കണ്ട് അംഗീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly